(ഡി) ഇവർ ഭൂമി ആവശ്യപ്പെട്ടിരിക്കുന്ന എം.ആർ.ഐ. സ്കാൻ സെന്റർ സ്ഥാപിക്കുന്നതിനുവേണ്ടിയാണ്. സർക്കാർ ഇതിന്മേൽ യാതൊരു തീരുമാനവും കൈക്കൊണ്ടിട്ടില്ല.

സംസ്ഥാനത്ത് ഓക്സിജൻ പാർലറുകൾ

145 (803)ശ്രീ. കെ. ബാബു :

ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര ഓക്സിജൻ പാർലറുകൾ പ്രവർത്തിക്കുന്നു;

(ബി) ഇവ എവിടെയെല്ലാമാണ് പ്രവർത്തിക്കുന്നത്;

(സി) ഇവയ്ക്ക് എന്തെങ്കിലും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ഡി) തുടർച്ചയായി മെഡിക്കൽ ഓക്സിജൻ ശ്വസിക്കുന്നതു മൂലം എന്തെങ്കിലും രോഗം ഉണ്ടാകാനുള്ള സാദ്ധ്യത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ)&(ബി) ഓക്സിജൻ പാർലറുകൾ എന്ന പേരിൽ സംസ്ഥാനത്ത് ഗവൺമെന്റ് സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല.

(സി) ബാധകമല്ല.

(ഡി) ഉണ്ട്. ഓക്സിജൻ ടോക്സിറ്റി എന്ന രോഗം ഉണ്ടാകാൻ സാദ്ധ്യതയുണ്ട്.

ആരോഗ്യവകുപ്പിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സ്

146 (804)ശ്രീ. എം.വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആരോഗ്യവകുപ്പിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സ് നിർത്തലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ കാരണം വ്യക്തമാക്കുമോ;

(സി) പ്രസ്തുത കോഴ്സ് നിർത്തലാക്കിയിട്ടുണ്ടെങ്കിൽ ഇക്കാര്യത്തിനായി ബദൽ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഇ) ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരായി നിയമിക്കുന്നതിന് നിലവിലുള്ള മാനദണ്ഡം വ്യക്തമാക്കുമോ;

(എഫ്) ഈ കോഴ്സ് നിർത്താലാക്കുമ്പോൾ ക്ലാസ് 4- വിഭാഗത്തിൽപ്പെടുന്ന ഏതെങ്കിലും കാറ്റഗറിയിലെ ജീവനക്കാരുടെ പ്രൊമോഷൻ തടയപ്പെടാൻ സാദ്ധ്യതയുണ്ടോ;

(ജി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly